# കേരളപാണിനീയം

എ. ആർ. രാജരാജവർമ്മ

2018

Kēraḷapāṇinīyam
Malayalam Grammar
by A. R. Rājarāja Varma
First published: 1917

First EPUB/PDF version published: 2017
Second EPUB/PDF version published: 2018

These electronic versions are released under the provisions of Creative Commons Attribution Share Alike license for free download and usage.

The electronic versions were generated from sources available at WikiSource, futher marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2016. ePub version was generated by TeX4ht from the same LaTeX sources. A cloud based framework namely, ഇതൾ (ITHAL) has been used to process the documents and generate various output formats.

The base font used was traditional script of Rachana, contributed by KH Hussain, *et al.*, and maintained by Swathanthra Malayalam Computing. The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

Cover: Details from the painting, namely, *The Return of the Stork* (1893), by the Dutch painter, Theodoor van Hoytema (1863–1917). The image is taken from Wikimedia Commons and is gratefully acknowledged.

The digital editions published by: **Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം

ഉള്ളടക്കം . . . v
മുഖവുര . . . ix
'സായാഹ്ന' പതിപ്പിന്റെ പ്രത്യേകതകൾ . . . xiii

**ഒന്ന് പീഠിക** **15**
1 മലയാളദേശവും ഭാഷയും . . . 17
  1 അനുനാസികാതിപ്രസരം: . . . 31
  2 തവർഗ്ഗോപമർദ്ദം അല്ലെങ്കിൽ താലവ്യാദേശം: . . . 32
  3 സ്വരസംവരണം: . . . 32
  4 പുരുഷഭേദനിരാസം: . . . 34
  5 ഖിലോപസംഗ്രഹം: . . . 37
  6 അംഗഭംഗം: . . . 39
2 ഘട്ടവിഭാഗം . . . 53
  1 ആദ്യഘട്ടം — കരിന്തമിഴകാലം: . . . 62
  2 മധ്യഘട്ടം — മണിപ്രവാളരീതി . . . 63
  3 ആധുനികഘട്ടം . . . 64
3 അക്ഷരമാല . . . 67
4 വർണ്ണവികാരങ്ങൾ . . . 81

**രണ്ട് സന്ധിപ്രകരണം** **97**
1 സന്ധിവിഭാഗം . . . 99
  1 ലോപസന്ധി . . . 100
  2 ആഗമസന്ധി . . . 103
  3 ദ്വിത്വസന്ധി . . . 107
  4 ആദേശസന്ധി . . . 113
2 ശബ്ദവിഭാഗം . . . 119
  1 ഭേദകങ്ങളുടെ ഉൾപ്പിരിവുകൾ: . . . 128
3 പ്രകൃതിപ്രത്യയങ്ങൾ . . . 131

**മൂന്ന് നാമാധികാരം** **133**
1 ലിംഗപ്രകരണം . . . 135
2 വചനപ്രകരണം . . . 145
3 വിഭക്തിപ്രകരണം . . . 157
  1 നാമരൂപാവലി . . . 165
4 വിഭക്ത്യാഭാസപ്രകരണം . . . 171
  1 ഇനി ഇരട്ടിപ്പ് . . . 173
5 കാരകപ്രകരണം . . . 177
6 തദ്ധിതപ്രകരണം . . . 189
  1 തന്മാത്രപ്രത്യയങ്ങൾ . . . 190

**നാല് ധാത്വധികാരം** **195**
1 ധാത്വധികാരം . . . 197
  1 പ്രാരംഭം . . . 197
  2 പ്രകൃതി . . . 197
  3 സ്വഭാവം . . . 198
2 കാലപ്രകരണം . . . 199
  1 കാലാദികളെ സംബന്ധിച്ച പൊതുനിയമങ്ങൾ . . . 205
  2 കാലപ്രത്യയങ്ങളുടെ ആഗമം . . . 220
3 പ്രകാരപ്രകരണം . . . 223
4 പ്രയോഗപ്രകരണം . . . 231
5 പ്രയോജകപ്രകൃതി . . . 233
6 നാമധാതുപ്രകരണം . . . 241
7 ഖിലധാതുക്കൾ . . . 245
8 അനുപ്രയോഗം . . . 247
  1 ഒന്നാംവക, ഭേദകാനുപ്രയോഗം . . . 251
  2 രണ്ടാം വക; കാലാനുപ്രയോഗം . . . 255
  3 മൂന്നാംവക, പൂരണാനുപ്രയോഗം . . . 257

9 നിഷേധപ്രകരണം . . . . . . . . . . . . . 259

10 സമുച്ചയം . . . . . . . . . . . . . . . . 269

11 അംഗക്രിയ . . . . . . . . . . . . . . . 271

1 പേരെച്ചം . . . . . . . . . . . . . . . 275

2 വിനയെച്ചം . . . . . . . . . . . . . 280

12 കൃതികൃത്തുക്കൾ . . . . . . . . . . . . 295

13 കാരകകൃത്തുക്കൾ . . . . . . . . . . . 299

**അഞ്ച് ഭേദകാധികാരം** **301**

1 ഭേദകാധികാരം . . . . . . . . . . . . . 303

**ആറ് നിപാതാവ്യയാധികാരം** **309**

1 നിപാതാവ്യയാധികാരം . . . . . . . . . . 311

**ഏഴ് ആകാംക്ഷാധികാരം** **315**

1 വാക്യപ്രകരണം . . . . . . . . . . . . . 317

1 പദക്രമം . . . . . . . . . . . . . . . 320

2 പൊരുത്തം . . . . . . . . . . . . . . 321

2 സമാസപ്രകരണം . . . . . . . . . . . . 325

3 ശബ്ദോൽപ്പത്തി . . . . . . . . . . . . . 333

ധാതുപാഠം . . . . . . . . . . . . . . . . 347

കാരികാസൂചിക . . . . . . . . . . . . . . 357

സൂചിക . . . . . . . . . . . . . . . . . . 361

# 6

## നാമധാതുപ്രകരണം

സ്വതേ ഉള്ള ധാതുക്കൾകൂടാതെ മറ്റു ശബ്ദങ്ങളിൽനിന്നും ധാതുക്കളെ സൃഷ്ടിക്കാറുമുണ്ട്. ഇൗവക ധാതുക്കളിൽ മിക്കവയും നാമജങ്ങളാകയാൽ ഇവയ്ക്കു് "നാമധാതു" എന്നു പേർ ചെയ്തിരിക്കുന്നു. ഉദാ:

കല്ലുപോലാകുന്നു = കല്ലിക്കുന്നു. മുറുമുറു എന്നു ശബ്ദിക്കുന്നു = മുറുമുറുക്കുന്നു.

നാമധാതുക്കൾക്ക് അർത്ഥം കല്പിക്കുന്നതു് "ആ നാമത്തെ ചെയ്ക", "അതുപോലെ ആവുക" മുതലായ ഒരു സാമാന്യധാതുവിന്റെ കർത്താവോ കർമ്മമോ ചേർച്ചപോലെ ആക്കീട്ടു വേണ്ടതാകുന്നു.

### 127. ഇ–പ്രത്യയത്താൽ കൃതിയായ്<br>ചമയും മിക്ക നാമവും

മിക്ക നാമങ്ങളെയും ധാതുക്കളാക്കുന്നതിന് ഇ എന്ന പ്രത്യയം ചേർത്താൽ മതിയാകും. ഉദാ:

| നാമം | ധാതു | രൂപം |
|---|---|---|
| വമ്പ് | വമ്പി | വമ്പിക്കുന്നു |
| ഒന്ന് | ഒന്നി | ഒന്നിക്കുന്നു |
| കഴമ്പ് | കഴമ്പി | കഴമ്പിക്കുന്നു |
| കെടുമ്പ് | കെടുമ്പി | കെടുമ്പിക്കുന്നു |

### 128. നാമം സ്വരാന്തമാണെങ്കിൽ<br>കാരിതീകരണം മതി.

സ്വരത്തിൽ അറുന്ന നാമങ്ങൾക്ക് പ്രയോജകത്തിനു പറഞ്ഞതുപോലെ ഇ എന്ന പ്രത്യയം ചേർത്താൽ മതിയാകും. ഉദാ:

തടി — തടിക്കുന്നു, ചുമ — ചുമയ്ക്കുന്നു,
ബല — ബലക്കുന്നു, നര — നരയ്ക്കുന്നു.

മധുരം എന്നതിനു മധുരിക്കുന്നു എന്ന രൂപം വരുന്നതിൽ അകാരലോപവും ഇ പ്രത്യയവും വ്യത്യസ്തം. ഇതുപോലെ വേറെയും കാണും.

129. വികാരമെന്നിയേ നാമം
ധാതുവാകുമപൂർവ്വമായ്.

അപൂർവ്വം ചില ധാതുക്കൾ വികാരമൊന്നും കൂടാതെ യഥാസ്ഥിതമായ നിലയിൽത്തന്നെ ധാതുവാകുന്നതുമുണ്ട്. ഉദാ:

തൊലി — തൊലിയുന്നു, കരി — കരിയുന്നു, പുക — പുകയുന്നു.

നാമധാതുക്കളുടെ രൂപനിഷ്പത്തിയും പ്രയോജകപ്രകൃതിക്കു കാണിച്ച യുക്തിയനുസരിച്ചു തന്നെ എന്ന് ഇൗ സൂത്രങ്ങളുടെ സ്വഭാവം കൊണ്ടു സ്പഷ്ടമാകുന്നു. വേറെ വിധത്തിലും നാമധാതുവുണ്ടാക്കാൻ വഴി കാണിക്കുന്നു:

130. കൊള്ളാംപെടുകയെന്നുള്ള
ധാതുവോടു സമാസവും;

"പെട്" എന്ന ധാതുവിനോടു സമാസം ചെയ്തും നാമധാതുവിനെ ഉണ്ടാക്കാം ഉദാ:

പണി — പണിപ്പെടുന്നു, കീഴ് — കീഴ്പ്പെടുന്നു, ഭയ — ഭയപ്പെടുന്നു,
സുഖ — സുഖപ്പെടുന്നു, ഗുണ — ഗുണപ്പെടുന്നു, ദോഷ — ദോഷപ്പെടുന്നു,
അക — അകപ്പെടുന്നു, അടി — അടിപെടുന്നു (ദ്വിത്വാഭാവം വ്യത്യസ്തം)

ഇനി സംസ്കൃതത്തിൽ നിന്നെടുക്കുന്ന ധാതുക്കളെ മലയാളമാക്കാനുള്ള മാർഗ്ഗം പറയുന്നു:

131. ഗുണം പ്രസക്തിയുണ്ടെങ്കിൽ
ചെയ്തിട്ടി പ്രത്യയത്തൊടേ
പ്രയോഗിപ്പു സംസ്കൃതത്തിൽ
നിന്നു ധാതുവെടുക്കുകിൽ
രൂപമെല്ലാമികാരാന്ത-
കാരിതത്തിനു തുല്യമാം.

സംസ്കൃതത്തിൽനിന്നു ധാതുക്കളെ ഭാഷയിൽ എടുക്കുമ്പോൾ അവയ്ക്കു സംസ്കൃത പ്രസിദ്ധമായ "ഗുണം" എന്ന സ്വരവികാരം നിമിത്തമുള്ളിടത്തെല്ലാം ചെയ്തിട്ട് പ്രയോജകത്തിന്നു പറഞ്ഞ ഇ എന്ന പ്രത്യയം ചേർക്കണം. അപ്പോൾ അത് ഇകാരാന്ത കാരിതധാതുപോലെ ആയിത്തീരുന്നതിനാൽ രൂപങ്ങളെല്ലാം അതിനു ചേർന്നു വരും. ഉദാ:

| സംസ്കൃതം | മലയാളം | സംസ്കൃതം | മലയാളം |
|---|---|---|---|
| നമ് — | നമി — നമിക്കുന്നു | ഭാഷ് | ഭാഷി — ഭാഷിക്കുന്നു |
| വദ് — | വദി — വദിക്കുന്നു | ചിന്ത് — ചിന്തിക്കുന്നു | |

“ഗുണം” എന്നു പറയുന്നതു് ഇകാരം ഏകാരമായിട്ടും, ഉകാരം ഒ◌ാകാരമായിട്ടും ഋകാരം അര് എന്നായിട്ടും മാറുകയാകുന്നു. ഇ = ഏ എന്നും ഉ = ഒ◌ാ എന്നും ഉള്ള മാറ്റം വന്നതിനുമേൽ ഏ = അയ് എന്നും, ഒ◌ാ = അവ് എന്നുകൂടി സ്വരംപരമായാൽ മാറ്റമുണ്ടാകും. ഉദാ:

വിദ് — വേദിക്കുന്നു. നുദ് — നോദിക്കുന്നു, ദൃശ് — ദർശിക്കുന്നു,
ഭൂ — ഭവിക്കുന്നു, നീ — നയിക്കുന്നു, ഹൃ — ഹരിക്കുന്നു

ഭാഗിക്കുന്നു, വാദിക്കുന്നു, സ്തുതിക്കുന്നു, സൃഷ്ടിക്കുന്നു ഇത്യാദികൾ ഭാഗം, വാദം, സ്തുതി, സൃഷ്ടി എന്നു നാമത്തിൽനിന്നുണ്ടാക്കീട്ടുള്ള ധാതുക്കളാകുന്നു.